**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3084** **25-06-2024 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ രൂപരേഖ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എം.എഫ്. ആർ. ആക്ട് പ്രകാരം സംസ്ഥാന, ജില്ല, ഗ്രാമ തലങ്ങളിൽ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി അറിയിക്കാമോ; | (എ) | സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും നിരീക്ഷണത്തിനുമായും കെ.എം.എഫ്.ആർ. ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും വേണ്ടി ടി ആക്ട് 2017-ൽ ഭേദഗതി ചെയ്ത് നിർദ്ദിഷ്ട ഗസറ്റ് വിജ്ഞാപനം വഴി ഒരു ത്രിതല സംവിധാനമായി ചുവടെ ചേർക്കുന്ന ഫിഷറിസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകൃതമായിട്ടുണ്ട്.<br><br>എ. ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ്<br><br>കൗൺസിൽ<br><br>ബി. ജില്ലാ ഫിഷറീസ് മാനേജ്മെന്റ്<br><br>കൗൺസിൽ<br><br>സി. സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ്<br><br>കൗൺസിൽ<br><br>അപ്രകാരം സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ (എസ്.എഫ്.എം.സി) 9 തീരദേശ ജില്ലകളിൽ ജില്ലാതല മാനേജ്മെന്റ് കൗൺസിലുകൾ (ഡി.എഫ്.എം.സി) 222 മത്സ്യഗ്രാമങ്ങളിൽ 211 മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകളും രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. ബാക്കിയുള്ള പതിനൊന്ന് മത്സ്യഗ്രാമങ്ങൾക്കും വില്ലേജ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ രൂപരേഖ നൽകാമോ; | (ബി) | കൗൺസിലുകളുടെ അധികാരങ്ങളും കർത്തവ്യങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കൗൺസിൽ തീരദേശ മേഖലയ്ക്ക് എന്തെല്ലാം ഗുണങ്ങളാണ് ഉണ്ടാക്കുകയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ തുടങ്ങിയ ത്രിതല കൗൺസിലുകൾ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കിയാണ് കേരളത്തിൽ രൂപീകരിച്ചിട്ടുള്ളത്. ആയതിനാൽ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും അതിൻമേൽ തീരുമാനം കൈക്കൊള്ളുന്നതിനും കഴിയുന്നു. ത്രിതല കൗൺസിലുകൾക്ക് പരിഹാരം കണ്ടെത്താൻ കഴിയാത്തതായ വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നു. ഇന്ത്യയിൽ തന്നെ ആദ്യമായാണ് ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള ടി ത്രിതല സംവിധാനം രൂപീകരിച്ചിട്ടുള്ളത്. കൂടാതെ കൗൺസിലുകൾ മുഖേന തീരദേശ മേഖലയിൽ നടത്തിവരുന്ന ബോധവൽക്കരണത്തിന്റെ ഭാഗമായി മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിന്റെ ആവശ്യകത, മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, മത്സ്യബന്ധന യാനങ്ങളിൽ സൂക്ഷിക്കേണ്ട സുരക്ഷാ ഉപകരണങ്ങൾ, മത്സ്യബന്ധനത്തിൽ പാലിക്കേണ്ടതായ നിയമങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് മുൻകൈയെടുക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടനയിൽ സുപ്രധാന പങ്ക് വഹിക്കുന്ന മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിനും മത്സ്യമേഖലയിലെ അശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ ഒഴിവാക്കി ഭാവി തലമുറയ്ക്കും ഉപയോഗപ്രദമാകുന്ന തരത്തിലാണ് ടി ത്രിതല സംവിധാനം പ്രവർത്തിക്കുന്നത്. ത്രിതല കൗൺസിലുകളുടെ പ്രധാന കർത്തവ്യമായ ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ പൂർത്തീകരണത്തോടുകൂടി ഓരോ വില്ലേജ് തലത്തിലുമുള്ള പ്ലാൻ തയ്യാറാവുകയും ആയത് മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

**ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ**

തദ്ദേശീയമായ ആവശ്യങ്ങൾ പരിഗണിച്ച് കൊണ്ട് ഒരു വില്ലേജ്തല മത്സ്യബന്ധന മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുകയും അതിന് ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ നിന്നും അംഗീകാരം വാങ്ങുകയും, ഉത്തരവാദിത്ത മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യസമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടേയും തീരദേശവാസികളുടേയും ഇടയിൽ ബോധവൽക്കരണം നടത്തുക, ഫിഷിംഗ് വില്ലേജ് തലത്തിൽ മത്സ്യബന്ധനം നടത്തുന്നവരുടേയും തീരദേശവാസികളുടേയും ഇടയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുക, ഫിഷിംഗ് വില്ലേജിൽ ഈ ആക്ടിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായിക്കുക, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിനെ അവരുടെ ചുമതലകൾ നിർവഹിക്കുന്നതിലേക്കായി സഹായിക്കുകയും ആ കൗൺസിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുകയും ചെയ്യുക, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഏൽപ്പിച്ച കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും നടപ്പിലാക്കുകയും ചെയ്യുക, സമുദ്ര മത്സ്യസമ്പത്ത് സംരക്ഷിക്കുന്ന സംഗതികളിൽ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് വിവരങ്ങൾ നൽകുക

**ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ**

ജില്ലയ്ക്ക് വേണ്ട സമുദ്ര മത്സ്യബന്ധന മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ്കൗൺസിൽ എസ്.എഫ്.എം.സി) ന്റെ അംഗീകാരം നേടൽ, വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ തയ്യാറാക്കിയ വില്ലേജ്തല ഫിഷറീസ് മാനേജ്മെന്റ് പദ്ധതിയിന്മേൽ ഉചിതമായ തീരുമാനമെടുക്കൽ, സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഏൽപ്പിക്കുന്ന കർത്തവ്യങ്ങളും അധികാരങ്ങളും നിർവ്വഹിക്കുക. സമുദ്ര മത്സ്യബന്ധനം നടത്തുന്നവരുടേയും തീരദേശവാസികളുടേയും ഇടയിൽ ജില്ലാതല അവബോധ ക്യാമ്പുകൾ നടത്തുക, ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ തമ്മിലുള്ളതും അവർ റഫർ ചെയ്യുന്നതുമായ പ്രശ്നങ്ങളും അഭിപ്രായ വ്യത്യാസങ്ങളും പരിഹരിക്കുക, ഈ ആക്ടിലെ വ്യവസ്ഥകൾ ജില്ലയിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായിക്കുക, എസ്സ്.എഫ്.എം.സി ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുക, സമുദ്ര മത്സ്യബന്ധന സമ്പത്ത് സംരക്ഷിക്കുന്ന സംഗതികളിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് വിവരങ്ങൾ നൽകുക.

**സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ**

സംസ്ഥാനത്തിന് വേണ്ടി മറൈൻ ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക, മാരി കൾച്ചറിനും സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി അനുയോജ്യമായ സ്ഥലങ്ങൾ / പ്രദേശങ്ങൾ കണ്ടെത്തുക, സമുദ്ര മത്സ്യബന്ധനം നടത്തുന്നവർക്കും, തിരദേശ വാസികൾക്കുമിടയിൽ ബോധവൽക്കരണം ഉണ്ടാക്കുക, മാരിക്കൾച്ചർ, സമുദ്ര മത്സ്യ സമ്പത്തിന്റെ സംരക്ഷണം, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനം എന്നീ മേഖലയിൽ പരിശീലന പരിപാടികൾ സെമിനാറുകൾ, പദ്ധതികൾ എന്നിവ നടത്തുക, ജില്ലാ കൗൺസിലുകൾ തമ്മിലുള്ളതും ജില്ലാ കൗൺസിലുകൾ റഫർ ചെയ്യുന്നതുമായ പ്രശ്നങ്ങളും അഭിപ്രായ വ്യത്യാസങ്ങളും പരിഹരിക്കുക, മാരിക്കൾച്ചറിനേയും, സമുദ്ര മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനേയും നടത്തിപ്പിനേയും കുറിച്ച് സയന്റിഫിക് പേപ്പറുകൾ, ബുക്കുകൾ, ഓഡിയോ, വീഡിയോ കാസറ്റുകൾ, ജേർണലുകൾ മുതലായവ പ്രസിദ്ധീകരിക്കുക, സമുദ്ര മത്സ്യ സമ്പത്തിന്റെ നടത്തിപ്പിനേയും സംരക്ഷണത്തേയും കുറിച്ച് വിവരം നൽകുക, സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ ഭരണ നടത്തിപ്പിന് ഉതകുന്നതായിട്ടുള്ള നിയമപരമായ കാര്യങ്ങൾ ചെയ്യുന്നതിന് മുകളിൽ പറഞ്ഞ ഉദ്ദേശങ്ങൾ കൈവരിക്കുന്നതിനും, ഏതെങ്കിലും പ്രശ്നത്തിൽ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ എടുത്ത തീരുമാനം ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കണ്ടാൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് അത് പരിശോധിക്കാവുന്നതും അത്തരം പ്രശ്നത്തിൽ പുതിയ തിരുമാനങ്ങൾ എടുക്കാവുന്നതുമാണ്.

ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ എന്നിവയുടെ മീറ്റിംഗുകൾ നിശ്ചിത ഇടവേളകളിൽ കൂടുകയും മീറ്റിംഗിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിൽ ഓരോ തലത്തിലും പരിഹാരം കാണാൻ കഴിയുന്നവ അതാത് തലങ്ങളിൽത്തന്നെ പരിഹരിക്കുകയും അല്ലാത്തവ ഉയർന്ന തലങ്ങളിലേക്ക് റിപ്പോർട്ട് ചെയ്യപ്പെടുകയും ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു വരുന്നു. ഈ മൂന്ന് കൗൺസിലുകളിലും പരിഹരിക്കാൻ കഴിയാത്ത വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾ സ്വീകരിച്ചു വരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യസമ്പത്തി ന്റെ സംരക്ഷണം, സുസ്ഥിര പരിപാലനം എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന് നടപടിസ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച ലഘുരേഖകൾ, ബ്രോഷറുകൾ, ഷോർട്ട് വീഡിയോകൾ എന്നിവ തയ്യാറാക്കി പ്രദർശിപ്പിക്കുന്നതിനും, സെമിനാറുകൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നു.

2024-25 വർഷത്തിൽ മേഖലാതല സെമിനാറുകൾക്കും മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണം നടത്തുന്നതിനും കൗൺസിലുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഫിഷറീസ് മാനേജ്മെന്റ് പ്ലാനിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി 44 ലക്ഷം രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ